പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3572 — 26.06.2012-ൽ മറുപടിയ്ക്ക്

## സ്ളാബ് സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) 300 യൂണിറ്റിന് മുകളിൽ ഗാർഹിക വൈദ്യുതി ഉപഭോഗം വർദ്ധിച്ചാൽ ഓരോ യൂണിറ്റിനും ഉപഭോക്താവ് 10 രൂപ സർച്ചാർജ്ജ് അടയ്ക്കണമെന്ന് നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിലനിന്നിരുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 26-04-2012-ലെ ഉത്തരവിലൂടെ 26-04-2012 മുതൽ 31-05-2012 വരെയുള്ള ദിവസങ്ങളിൽ പ്രതിമാസം 300 യൂണിറ്റിൽ കൂടുതൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക്, 300 യൂണിറ്റ് വരെ സാധാരണ നിരക്കിലും അതിൽ കൂടുതലായി ഉള്ള ഉപഭോഗത്തിന് യൂണിറ്റൊന്നിന് 10 രൂപാ നിരക്കിലും വൈദ്യുതി നല്കാനുള്ള നിർദ്ദേശം നൽകി യിരുന്നു. ടി കമ്മീഷൻ ഉത്തരവ് 26-04-2012 മുതൽ 31-05-2012 വരെ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നു. എന്നാൽ 01-06-2012 മുതൽ സംസ്ഥാനത്ത് ഈ നിബന്ധന ഇല്ല. |
| (ബി) ഗാർഹിക വൈദ്യുതി ഉപഭോക്തൃ നിരക്കുകൾ സ്ളാബ് അടിസ്ഥാനത്തിലാണോ നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ? | (ബി) ഗാർഹിക വൈദ്യുതി ഉപഭോക്തൃ നിരക്കുകൾ, സ്ളാബ് അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്. ടെലിസ്കോപ്പിക് സിസ്റ്റത്തിൽ അധിഷ്ഠിതമായ ബില്ലിംഗ് ആണ് ഗാർഹിക ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. അതായത് ഉയർന്ന സ്ളാബിൻെറ പരിധിയിൽ വരുന്ന ഉപഭോക്താക്കൾ അവർ ഉൾപ്പെടുന്ന സ്ളാബിൻെറ തുടക്കം വരെയുള്ള ഉപഭോഗത്തിന്, താഴ്ന്ന സ്ളാബുകൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള നിരക്കുകൾ നൽകിയാൽ മതിയാകും. ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു. |

| സ്ളാബ് (യൂണിറ്റിൽ) | എനർജി ചാർജ് (പൈസ/യൂണിറ്റ്) |
|---|---|
| 40 യൂണിറ്റ് വരെ | 115 |
| 41 യൂണിറ്റ് മുതൽ 80 യൂണിറ്റ് വരെ | 190 |
| 81 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ | 240 |
| 121 യൂണിറ്റ് മുതൽ 150 യൂണിറ്റ് വരെ | 300 |
| 151 യൂണിറ്റ് മുതൽ 200 യൂണിറ്റ് വരെ | 365 |
| 201 യൂണിറ്റ് മുതൽ 300 യൂണിറ്റ് വരെ | 430 |
| 301 യൂണിറ്റ് മുതൽ 500 യൂണിറ്റ് വരെ | 530 |
| 501 യൂണിറ്റിനു മുകളിൽ | 545 |

സെക്ഷൻ ഓഫീസർ.